ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) 1999-2000 ആണ്ടിൽ കോർപ്പറേഷൻ ആകെ 82 പദ്ധതികൾക്കാണ് സാമ്പത്തിക സഹായം നൽകിയിട്ടുള്ളത്. വിശദ വിവരങ്ങൾ അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.†

(ഇ) വിശദ വിവരങ്ങൾ അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.†

(എഫ്)&(ജി) ലാഭം പ്രതീക്ഷിച്ചിരുന്നു. കഴിഞ്ഞ വർഷത്തെ പ്രവർത്തനലാഭം 14.28 കോടി രൂപയാണ്.

(എച്ച്) 176 പദ്ധതികൾ പൂർത്തിയാക്കിയതുവഴി 13,730 പേർക്ക് നേരിട്ടു തൊഴിൽ നൽകാനായിട്ടുണ്ട്.

(ഐ) ഉണ്ട്. തീരുമാനങ്ങൾ എടുക്കുന്നതിലെ കാലതാമസം ഒഴിവാക്കുക, നടപടിക്രമങ്ങൾ ലഘൂകരിക്കുക, പ്രോജക്ടുകളുടെ പഠനം കൂടുതൽ പ്രൊഫഷണൽ ആക്കുക, ഹൈടെക് മേഖലയിൽ സംരംഭകർക്ക് വേണ്ടിയുള്ള വെഞ്ചർ കാപ്പിറ്റൽ ഫണ്ട് സ്ഥാപിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

3 (527) **ടൈറ്റാനിയം ഫാക്ടറിയിലെ മലിനീകരണം തടയുവാൻ പദ്ധതി**

ഡോ. കെ.സി. ജോസഫ് :

ശ്രീ. ആന്റണി രാജു :

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ടൈറ്റാനിയം ഫാക്ടറിയിലെ മലിനീകരണ പ്രശ്നം പരിഹരിക്കുന്നതിന് സ്ഥലവാസികളുമായി നടത്തിയ ചർച്ചയിൽ എടുത്ത തീരുമാനങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) മലിനീകരണം തടയുന്നതിനുവേണ്ട പദ്ധതിക്ക് രൂപം നൽകുവാൻ ജർമ്മൻ കമ്പനിയുമായി ചർച്ചചെയ്ത് തീരുമാനമെടുക്കുന്നതിനുവേണ്ടി വിദഗ്ദ്ധ സംഘത്തെ ജർമ്മനിയിലേക്ക് അയക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) തീരുമാനങ്ങൾ നടപ്പിലാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

†

LIBRARY ARCHIVES Kerala Legislative Assembly

(എ) സ്ഥലവാസികളുമായി 13-3-2000-ൽ നടത്തിയ ചർച്ചയിൽ താഴെപറയുന്ന തീരുമാനങ്ങൾ എടുത്തു.

1. ജലമാലിന്യം പൂർണ്ണമായി ഒഴിവാക്കുന്നതിനും പാഴ്ജലം ശുദ്ധീകരണം നടത്തി വീണ്ടും ഉപയോഗിക്കുന്നതിനുമുള്ള ഒരു പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഒരു പദ്ധതി നടപടി ക്രമങ്ങൾ പാലിച്ച് ആറുമാസത്തിനകം തുടക്കമിടുന്നതിനും ഇക്കാര്യത്തിൽ സർക്കാർ ഉത്തരവ് ഉടൻ തന്നെ പുറപ്പെടുവിക്കുകയും ചെയ്യുക.

2. വായു മലിനീകരണത്തെപ്പറ്റി പഠനം നടത്തുന്നതിന് കോസ്റ്റൽ അപ്‌ലിഫ്റ്റ് അസോസിയേഷന്റെ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തി ഒരു വിദഗ്ദ്ധസമിതി ഉടൻ രൂപീകരിക്കുക.

3. കമ്പനിയിൽ നടത്തിയിട്ടുള്ള നിയമനങ്ങളിലെ സംവരണം സംബന്ധിച്ച് സർക്കാർ നിയോഗിച്ച ശ്രീ. അജയ്കുമാറിന്റെ റിപ്പോർട്ട് ഒരുമാസത്തിനകം ലഭ്യമാക്കുക.

4. തീരദേശവാസികളുടെ ക്ഷേമത്തിനായി ചില നിബന്ധനകൾക്ക് വിധേയമായി രണ്ടുകോടി രൂപ നൽകുക.

5. 30 ലക്ഷം രൂപ ചെലവിൽ ഒരു ആശുപത്രി സ്ഥാപിക്കുന്നതിന് കമ്പനിയുടേയും കോസ്റ്റൽ അപ്-ലിഫ്റ്റ് അസോസിയേഷന്റെയും രണ്ടു പ്രതിനിധികൾ വീതമടങ്ങിയ ഒരു സബ്കമ്മിറ്റി രൂപീകരിക്കുക.

(ബി) സ്വീകരിച്ച നടപടികൾ താഴെപറയുന്നു.

1. നടപടിക്രമങ്ങൾ പാലിച്ച്, ആറുമാസത്തിനുള്ളിൽ മലിനീകരണ നിവാരണപദ്ധതിക്ക് തുടക്കമിടണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 14-3-2000-ലെ ജി.ഒ.(ആർ.ടി) 263/2000/വ്യവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതനുസരിച്ച് 3-4-200-ൽ കൂടിയ കമ്പനിയുടെ ഡയറക്ടർബോർഡ് യോഗം ജർമ്മൻ സാങ്കേതികവിദ്യയെപ്പറ്റി പഠിക്കുന്നതിനും മറ്റുമായി ഒരു ഉന്നതല ഉദ്യോഗസ്ഥ സംഘത്തെ ജർമ്മനിയിലേക്ക് അയയ്ക്കുന്നതിന് തീരുമാനിക്കുകയും സർക്കാർ അനുമതി തേടുകയും ചെയ്തിട്ടുണ്ട്.

2. വായു മലിനീകരണത്തെപ്പറ്റി പഠിക്കുന്നതിനുള്ള വിദഗ്ദ്ധസമിതിയെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞു.

3. സംവരണം സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിന് സർക്കാർ നിയോഗിച്ചിട്ടുള്ള ശ്രീ. അജയ്കുമാർ ബന്ധപ്പെട്ടവരുമായി നിരവധി ചർച്ചകൾ നടത്തി റിപ്പോർട്ട് പൂർത്തിയാക്കിവരുന്നു.

4. രണ്ടുകോടി രൂപയായി വർദ്ധിപ്പിക്കാനുള്ള തീരുമാനം കമ്പനിയുടെ ഡയറക്ടർ ബോർഡ് അംഗീകരിച്ചുകഴിഞ്ഞു. ക്ഷേമപദ്ധതികൾക്ക് അന്തിമരൂപം നൽകാനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ചർച്ചകൾ നടന്നുവരികയാണ്.

5. സബ്കമ്മിറ്റി രൂപീകരിച്ചുകഴിഞ്ഞു. തുടർന്നുള്ള നടപടികളെക്കുറിച്ച് കമ്മിറ്റി ചർച്ചകൾ നടത്തിവരികയാണ്.

(സി) ഉണ്ട്.

(ഡി) കമ്പനിയുടെ ഡയറക്ടർ ബോർഡ് തീരുമാനം സർക്കാർ അനുമതിയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഇ) തീരുമാനങ്ങൾ നടപ്പിലാക്കിവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly